**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1818** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യ്ക്കുണ്ടായ ലാഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ശ്രീ.ടോമിൻ തച്ചങ്കരി സി.എം.ഡി ആയിരുന്ന കാലത്ത് കെ.എസ്.ആർ.ടി.സി .യെ ലാഭത്തിലാക്കിയിരുന്നുവെന്ന അവകാശവാദത്തിന്റെ യാഥാർത്ഥ്യമെന്താണ്; ആയത് വസ്തുതയാണെങ്കിൽ ഇതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ; | (എ) | 16.04.2018 മുതൽ 06.02.2019 വരെയുള്ള കാലഘട്ടത്തിലാണ് ശ്രീ. ടോമിൻ തച്ചങ്കരി കെ.എസ്.ആർ.ടി.സി.യുടെ സി.എം.ഡി. ആയി സേവനം അനുഷ്ഠിച്ചിട്ടുള്ളത്. 01.03.2018 മുതൽ ബസ് ചാർജിൽ വർദ്ധനവ് വരുത്തിയിരുന്നു. ആയതുകൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നിരിക്കെ 2018-19 സാമ്പത്തിക വർഷം 1061.95 കോടി രൂപയാണ് സർക്കാർ സഹായമായി കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ചത്. ഇതിൽ 983.03 കോടി രൂപ ശമ്പളവും പെൻഷനും നൽകാൻ അനുവദിച്ച തുകയാണ്. സ്വന്തം വരുമാനത്തിൽ നിന്നു മാത്രം ശമ്പളം നൽകാൻ ഇക്കാലയളവിലും കെ.എസ്.ആർ.ടി.സി.ക്ക് കഴിഞ്ഞിട്ടില്ല. |
| (ബി) | പ്രസ്തുത വ്യക്തി സി.എം.ഡി ആയിരുന്ന കാലഘട്ടത്തിൽ ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ പോലും നൽകാതെ ആയതും ലാഭക്കണക്കിൽ ചേർത്ത് പെരുപ്പിച്ച് കാണിച്ചതല്ലെന്ന അഭിപ്രായം സർക്കാരിനുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | ജീവനക്കാരുടെ ആനുകൂല്യങ്ങൾ പൂർണ്ണമായി നൽകാൻ ഇക്കാലയളവിലും കെ.എസ്.ആർ.ടി.സി.ക്ക് കഴിഞ്ഞിട്ടില്ല. ജീവനക്കാരുടെ ശമ്പള കുടിശ്ശികയും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി ഇനത്തിൽ പിടിച്ച തുകകളും യഥാസമയം നൽകാനും കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ